## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2785** — **20/06/2013-ൽ മറുപടിയ്ക്ക്**

### ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) വിവിധ പദ്ധതികൾക്കായി സർക്കാർ ഏറ്റെടുത്തതും എന്നാൽ പദ്ധതി നടക്കാത്തതുമൂലം ഉപയോഗിക്കാതെ ഉള്ളതുമായ ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ ; | (എ) വിവിധ പദ്ധതികൾക്കായി പൊന്നും വില നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത ഭൂമി മൂന്നു വർഷത്തിനകം ഉപയോഗിച്ചില്ലെങ്കിൽ സർക്കാർ ഏറ്റെടുത്ത് മറ്റു പൊതു ആവശ്യങ്ങൾക്കായി നൽകുവാൻ 15-11-2011-ലെ ജി.ഒ. (എം.എസ്) 419/11/ആർ.ഡി.ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 22-12-2000-ലെ ജി. ഒ. (എം.എസ്) 387/2000/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊന്നും വില നിയമപ്രകാരം ഏറ്റെടുത്ത ഭൂമി പ്രസ്തുത ആവശ്യത്തിന് വേണ്ടാത്ത പക്ഷം മറ്റു പൊതു ആവശ്യങ്ങൾക്കോ സർക്കാർ വകുപ്പുകൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ആവശ്യമുണ്ടോയെന്ന് അന്വേഷിക്കേണ്ടതും ആവശ്യമുണ്ടെങ്കിൽ ടി ആവശ്യത്തിന് നൽകേണ്ടതുമാണ്. ആവശ്യമില്ലായെങ്കിൽ പൊതു ലേലത്തിലൂടെ മാത്രമേ ടി ഭൂമി കൈമാറ്റം ചെയ്യുവാൻ പാടുള്ളൂ. |
| (ബി) ഈ ഭൂമി മുൻ ഉടമകൾക്ക് ന്യായമായ വിലയ്ക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ ? | (ബി) ഏറ്റെടുത്ത ഭൂമി ഭൂവുടമകൾക്ക് തന്നെ തിരികെ നൽകാൻ നിർവ്വാഹമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ.